"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ട്- ആലപ്പുഴ നഗരസഭയിലെ സൂപ്രണ്ട്, ശ്രീ.കെ.എം.വർഗ്ഗീസ്, ക്ലാർക്ക്, ശ്രീമതി സുജ.സി.എം. എന്നിവർക്കെതിരായുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2116/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/10/2021

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09.06.2015 തീയതിയിലെ ഇ4(ക്യൂവി. 14/14/എ.എൽ.പി.) 15512/2014 നമ്പർ കത്ത്.
2. 07.04.2016തീയതിയിലെ 13054/ഇയു/2015/തസ്വഭവ- നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. നഗരകാര്യ ഡയറക്ടറുടെ 24.10.2018തീയതിയിലെ വി1-9308/2016 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആലപ്പുഴ യൂണിറ്റ്, ആലപ്പുഴ നഗരസഭയിൽ നടത്തിയ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായ സൂപ്രണ്ട് ശ്രീ.കെ.എം.വർഗ്ഗീസ്, ക്ലാർക്ക് ശ്രീമതി. സുജ.സി.എം., എന്നീ ജീവനക്കാർക്കെതിരായി അച്ചടക്കനടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് ടി ജീവനക്കാർ ലഭ്യമാക്കിയ പ്രതിവാദ പത്രികയിന്മേൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. ശ്രീ.കെ.എം.വർഗ്ഗീസ് ആലപ്പുഴ നഗരസഭയിൽ റവന്യൂ സൂപ്രണ്ടായി സേവനമനുഷ്ഠിച്ച വരവെ, ശ്രീ.കെ.ജെ ദേവസ്യ 25/05/2009 ൽ ജമമാറ്റത്തിന് ആലപ്പുഴ നഗരസഭയിൽ നൽകിയ അപേക്ഷയിൽ തുടർനടപടി സ്വീകരിക്കാതെ റവന്യൂ ഇൻസ്പെക്ടർ ശ്രീ.ആന്റണി തിമോത്തിമസ് ഐസക് പൂഴ്ത്തി വച്ചു എന്നും പിന്നീട് വീണ്ടും സമർപ്പിച്ച അപേക്ഷയിലെ തീർപ്പിന് ആവശ്യപ്പെട്ട കൈക്കൂലി നൽകാതിരുന്നതിന്റെ വിരോധത്താൽ ടി അപേക്ഷയിൽ നടപടി സ്വീകരിക്കാതെ കുറ്റകരമായ കാലതാമസം വരുത്തിയെന്നും കാണിച്ച് ടിയാൻ സെക്രട്ടറിക്ക് നൽകിയ പരാതിയിന്മേൽ തന്റെ കീഴുദ്യോഗസ്ഥനായ റവന്യൂ ഇൻസ്പെക്ടറെ രക്ഷിക്കുന്നതിനുവേണ്ടി വസ്തുതകൾ മറച്ചുവച്ച് ശ്രീ.കെ.എം.വർഗ്ഗീസ് റിപ്പോർട്ട് തയ്യാറാക്കിയതായി വിജിലൻസ്

പരിശോധനയിൽ കണ്ടെത്തിയിരുന്നു. ടി ആരോപണങ്ങൾ ചൂണ്ടിക്കാട്ടിയാണ് ടിയാന് കുറ്റാരോപണമെമ്മോ നൽകിയിരുന്നത്. കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ.കെ.എം.വർഗ്ഗീസ് സമർപ്പിച്ച മറുപടി പ്രകാരം, ടിയാൻ 25/05/2009 ൽ ആലപ്പുഴ നഗരസഭയിൽ ജോലി ചെയ്തിരുന്നില്ല എന്നും, ടിയാൻ ജോലി ചെയ്തിരുന്ന സമയത്ത് ആന്റണി തിമോത്തിമസ് ഐസക് എന്നൊരാൾ റവന്യു ഇൻസ്പെക്ടർ തസ്തികയിൽ ഇല്ലായിരുന്നു എന്നും ശ്രീ.കെ.ജെ ദേവസ്യ നൽകിയ പരാതിയിന്മേൽ യാതൊരു റിപ്പോർട്ടും എഴിതിയിരുന്നില്ല എന്നും മറുപടി നൽകിയിരുന്നു.

3.. 25/05/2009 ൽ ജമമാറ്റത്തിനായി ശ്രീ.കെ.ജെ. ദേവസ്യ നൽകിയ അപേക്ഷയിൽ തുടർനടപടി സ്വീകരിക്കാതെ റവന്യൂ ഇൻസ്പെക്ടർ ശ്രീ.ആന്റണി തിമോത്തിമസ് ഐസക് പൂഴ്ത്തിവച്ചുവെന്നും പിന്നീട് വീണ്ടും സമർപ്പിച്ച അപേക്ഷയിലെ തീർപ്പിന് കാലതാമസം വരുത്തിയെന്നും ചൂണ്ടിക്കാട്ടി സെക്രട്ടറിക്ക് നൽകിയ പരാതിയിൽ ഉദ്യോഗസ്ഥർ സംഘം ചേർന്ന് പ്രവർത്തിച്ച് അധികനികുതി ഈടാക്കുന്നതിന് ഇടവരുത്തി എന്നുമുള്ള ആരോപണത്തിന്മേൽ വിജിലൻസ് നടത്തിയ പരിശോധനയിൽ സെക്രട്ടറി ഒപ്പിട്ട ഫയൽ സെക്ഷനിലേക്കാണ് വരുന്നതെന്നതിനാൽ ആയത് മാറ്റി പുതിയ ഉത്തരവ് ഉണ്ടാക്കുംവിധം പങ്കാളിയായി പ്രവർത്തിച്ചുവെന്നാണ് ക്ലാർക്കായിരുന്ന ശ്രീമതി.സി.എം.സുജക്കെതിരെ യുള്ള ആരോപണം.

4. ശ്രീമതി.സി.എം.സുജ സമർപ്പിച്ച മറുപടിപ്രകാരം, ആലപ്പുഴ നഗരസഭയിലെ തപാൽ രജിസ്റ്ററിൽ 2009-ലോ തുടർന്നുള്ള വർഷങ്ങളിലോ ശ്രീ.കെ.ജെ.ദേവസ്യ എന്നയാൾ ജമമാറ്റത്തിന് അപേക്ഷ നൽകിയിട്ടില്ലെന്നും. 2009 ൽ ഫ്രണ്ട് ഓഫീസ് സെക്ഷനാണ് കൈകാര്യം ചെയ്തിരുന്നത് എന്നതിനാൽ സെക്രട്ടറി ഒപ്പിട്ട ഫയലുകൾ ടിയാരിയുടെ കൈവശം വരുന്നതല്ല എന്നും, മനപൂർവ്വം യാതൊരു ഫയലും മാറ്റിവച്ചിട്ടില്ലാത്തതാണെന്നും അറിയിക്കുകയുണ്ടായി.

5. കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം ടി കാലയളവിൽ ശ്രീ.കെ.എം.വർഗ്ഗീസ് ആലപ്പുഴ നഗരസഭയിൽ ജോലി ചെയ്തിരുന്നില്ലായെന്നും 27/05/2011 മുതൽ 10/12/2012 വരെയാണ് ടിയാൻ നഗരസഭയിൽ ജോലി നോക്കിയിരുന്നതെന്നും നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ പരാതിക്കാരൻ ആദ്യം അപേക്ഷ നൽകിയ കാലയളവിൽ സെക്ഷൻ ക്ലാർക്കായ ശ്രീമതി.സി.എം.സുജ റവന്യൂ സെക്ഷനിൽ ജോലി ചെയ്തിട്ടില്ലാത്തതും ഡെസ്പാച്ച് സെക്ഷനിലെ ക്ലാർക്കായിരുന്നുവെന്നും പ്രസ്തുത വിഷയത്തിൽ ടിയാരിക്ക് യാതൊരു പങ്കുമില്ലായെന്നും അറിയിച്ചിരിക്കുന്നു. 25/05/2009 ൽ ശ്രീ.കെ.ജെ. ദേവസ്യ ജമമാറ്റത്തിനായി ആലപ്പുഴ നഗരസഭയിൽ നൽകിയ അപേക്ഷ തുടർനടപടി സ്വീകരിക്കാതെ നഷ്ടപ്പെടുത്തിയത് ടി കാലയളവിൽ റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ.ആന്റണി തിമോത്തിമസ് ഐസക് എന്നയാളാണെന്നും ശ്രീ.ദേവസ്യ നൽകിയ പരാതിയിന്മേൽ അന്ന് റവന്യു ഇൻസ്പെക്ടർ ആയിരുന്ന ശ്രീമതി.മിനിമോൾ അന്വേഷണം നടത്തുകയും നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണവും നഗരസഭാ രേഖകളിലുള്ള വിസ്തീർണ്ണവും തമ്മിൽ വ്യത്യാസമുള്ളതിനാൽ പുതുതായി പ്ലാൻ വരച്ച് റഗുലറൈസ് ചെയ്യണമെന്നുള്ള നഗരസഭാ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരൻ റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ നൽകുകയും ചെയ്തിട്ടുള്ളതാണ്. റഗുലറൈസേഷൻ ഉത്തരവ് അനുസരിച്ച് അന്നത്തെ റവന്യു ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.ശിവകുമാർ ടി കെട്ടിടം അസ്സസ് ചെയ്ത് നികുതി ചുമത്തുകയുണ്ടായി. എന്നാൽ കെട്ടിടത്തിന് ചുമത്തിയിരുന്ന നികുതി അധികമാണെന്നും പരാതിക്കാരൻ കൈക്കൂലി നൽകാത്തതിനെ തുടർന്ന് കൂടുതൽ നികുതി ചുമത്തിയിരിക്കുന്നു എന്നും ശ്രീ.ദേവസ്യ വീണ്ടും പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും അസ്സസ് ചെയ്യാൻ നിർദ്ദേശിച്ചതിനെതുടർന്നാണ്

ശ്രീ.കെ.എം.വർഗ്ഗീസ് റിപ്പോർട്ട് തയ്യാറാക്കിയത്. നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം കെട്ടിടം അസ്സസ് ചെയ്യപ്പോഴാണ് നികുതി കൂടുതലായി കാണുന്നതെന്നും ശ്രീ.ശിവകുമാറിനെ രക്ഷിക്കാനോ ജീവനക്കാരുടെ സംഘം ചേർന്നുള്ള പ്രവർത്തനത്തിന് കൂട്ടുനിൽക്കുകയോ ചെയ്യതായി വിവരങ്ങൾ ലഭിച്ചിട്ടില്ലാത്തതാണെന്നും മേഖലാ ജോയിന്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. പരാതിക്കാരൻ രണ്ടാമത് നൽകിയ അപേക്ഷയനുസരിച്ച് റഗുലറൈസ് ചെയ്യണമെന്ന് റവന്യ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്യതു പ്രകാരം കക്ഷിയെ വിവരം അറിയിക്കുകയും കക്ഷി റഗുലറൈസേഷന് അപേക്ഷ നൽകുകയും ടി റഗുലറൈസേഷൻ ഉത്തരവ് പ്രകാരം അസ്സസ് ചെയ്യ ഫയൽ റവന്യ ഇൻസ്പെക്ടറുടെ ക്യാബിനിൽ നിന്നുമാണ് നഷ്ടപ്പെട്ടതെന്നും പിന്നീട് കോപ്പി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കി അസസ്സ് ചെയ്ത് നികുതി ചുമത്തി നൽകിയിട്ടുള്ളതുമാണ്. ടി കാലയളവിൽ റവന്യ ഇൻസ്പെക്ടർ അസ്സസ് ചെയ്യ ഫയൽ റവന്യ ഓഫീസർ അംഗീകരിച്ച ശേഷമാണ് സെക്ഷനിൽ എത്തിയിരുന്നതെന്നും സെക്ഷനിൽ എത്തുന്നതിനു മുൻപാണ് ടി ഫയൽ കാണാതായെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്യിട്ടുള്ളതാകയാൽ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീമതി.സുജയ്ക്ക് ടി വിഷയത്തിൽ പങ്കുള്ളതായി കാണുന്നില്ലായെന്ന് മേഖലാ ജോയിന്റ് ഡയറക്ടർ അറിയിക്കുന്നു.

6. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം, ശ്രീ.ആന്റണി തിമോത്തിമസ് ഐസക് ജമമാറ്റത്തിനുള്ള അപേക്ഷ പൂഴ്ത്തി വച്ചുവെന്ന് പറയുന്ന കാലയളവിൽ ശ്രീ.വർഗ്ഗീസ് സൂപ്രണ്ട് തസ്തികയിൽ ആലപ്പുഴ നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്നില്ലായെങ്കിലും റവന്യ ഇൻസ്പെക്ടർ ശ്രീ.ശിവകുമാർ കെട്ടിടം അസ്സസ് ചെയ്ത് അധിക നികുതി ചുമത്തിയെന്നുള്ള ശ്രീ.ദേവസ്യയുടെ പരാതി പ്രകാരം വീണ്ടും അസ്സസ് ചെയ്യാൻ നിർദ്ദേശിച്ചതിനെതുടർന്ന് തന്റെ കീഴ്ദ്യോഗസ്ഥനായ റവന്യ ഇൻസ്പെക്ടറെ രക്ഷിക്കുന്നതിനുവേണ്ടി വസ്തുതകൾ മറച്ചുവച്ച് ശ്രീ.കെ.എം.വർഗ്ഗീസ് റിപ്പോർട്ട് തയ്യാറാക്കുകയും ജീവനക്കാരുടെ സംഘം ചേർന്നുള്ള പ്രവർത്തനത്തിന് കൂട്ടു നിൽക്കുകയും ചെയ്യതായുള്ള കുറ്റാരോപണമെമ്മോയിലെ ആരോപണത്തിന് ടിയാന് വ്യക്തമായ മറുപടി നൽകുവാൻ കഴിഞ്ഞിട്ടില്ല. നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം കെട്ടിടം അസ്സസ് ചെയ്യപ്പോഴാണ് നികുതി കൂടുതലായതെന്ന വാദം വസ്തുതാപരമാണെന്ന് കാണുന്നില്ല. 2011-12 കാലഘട്ടത്തിലെ നികുതി ഈടാക്കുന്നതിനായി 01/04/2011 മുതൽ പ്രാബല്യത്തിലുള്ളതും 14/01/2011 ൽ പുറപ്പെടുവിച്ചതുമായ പുതിയ നികുതി നിരക്കനുസരിച്ചാണ് 2010-11 ലെ നികുതി ഈടാക്കിയിട്ടുള്ളതെന്നും വ്യക്തമാണ്. ആകയാൽ ശ്രീ.വർഗ്ഗീസിനെതിരായിട്ടുള്ള ആരോപണം വസ്തുതാപരമാണെന്ന് ബോധ്യപ്പെടുന്നതിനാൽ ടിയാനെതിരെ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്നും ശ്രീമതി.സുജയുടെ മറുപടിയുടെയും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ടിയാരിക്കെതിരെയുള്ള തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യിരുന്നു.

7. സർക്കാർ ഇക്കാര്യം കുറ്റാരോപണമെമ്മോ, ജീവനക്കാരുടെ പ്രതിവാദപത്രിക, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം പരിശോധിച്ചതിൽ ശ്രീ.കെ.എം.വർഗ്ഗീസ്-ന്റെ ഭാഗത്ത് നിന്നും ആരോപണവിഷയത്തിൽ വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നതായും എന്നാൽ സെക്ഷൻ ക്ലാർക്കായ ശ്രീമതി.സി.എം.സുജ റവന്യ സെക്ഷനിൽ ജോലി ചെയ്യിട്ടില്ലാത്തതും ഡെസ്പാച്ച് സെക്ഷനിലെ ക്ലാർക്കായിരുന്നുവെന്നുമുള്ള വസ്തുത പരിഗണിക്കാവുന്നതുമാണ്.

8. മേൽ സാഹചര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആലപ്പുഴ യൂണിറ്റ് ആലപ്പുഴ നഗരസഭയിൽ നടത്തിയ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ

അടിസ്ഥാനത്തിൽ സൂപ്രണ്ട് ശ്രീ.കെ.എം.വർഗ്ഗീസ്, ക്ലാർക്ക് ശ്രീമതി സുജ എന്നീ ജീവനക്കാർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി, സൂപ്രണ്ട് ശ്രീ.കെ.എം.വർഗ്ഗീസിനെതിരായ അച്ചടക്കനടപടി സെൻഷർ (ശാസന) നല്കിയും ക്ലാർക്ക് ശ്രീമതി. സി.എം.സുജക്കെതിരായ അച്ചടക്കനടപടിയിൽ തുടർനടപടികൾ ഒഴിവാക്കിയും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.കെ.എം.വർഗ്ഗീസ്, സൂപ്രണ്ട്, ആലപ്പുഴ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീമതി. സുജ.സി.എം., ക്ലാർക്ക്, ആലപ്പുഴ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ